# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5110 27/07/2015 ൽ മറുപടിക്ക്

## ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ പാഠപുസ്തകവും പഠനസഹായിയും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ. കെ. ശശീന്ദ്രൻ<br>,, തോമസ് ചാണ്ടി | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | ഓപ്പൺ സ്കൂൾ രണ്ടാംവർഷ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് പാഠപുസ്തകവും പഠനസഹായിയും ഇതുവരെ ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഓപ്പൺ സ്കൂൾ രണ്ടാം വർഷ ഹയർസെക്കന്ററി വിദ്യാർത്ഥികളുടെ കോൺടാക്ട് ക്ലാസ്സുകൾ 24.07.2015 മുതലാണ് ആരംഭിക്കുന്നത്. ക്ലാസ്സുകൾ തുടങ്ങുന്ന മുറയ്ക്ക് പഠന സഹായികൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. |
| ബി) | പഠന സഹായി തയ്യാറാക്കാനുള്ള ശില്പശാലയ്ക്ക് എത്ര ചെലവ് ഇതുവരെ ഉണ്ടായിട്ടുണ്ട്; ഒരു മോഡ്യൂളിന്റെ ആദ്യഭാഗം പോലും ഇതുവരെ അച്ചടിച്ചില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് ഉത്തരവാദികൾ ആരെന്നും എന്തു തുടർനടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ; | ബി) | പഠന സഹായി തയ്യാറാക്കുന്നതിനുള്ള ശില്പശാലക്ക് ഇതേവരെ 17,30,455/- രൂപ ചെലവായിട്ടുണ്ട്. സിലബസ് പരിഷ്കരണത്തിന്റെ ഫലമായി മാറുന്ന പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞാൽ മാത്രമേ പാഠപുസ്തകത്തെ ആധാരമാക്കി ഓപ്പൺ സ്കൂൾ വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠന സഹായികൾ തയാറാക്കുന്ന ജോലികൾ ആരംഭിക്കാൻ സാധിക്കുകയുള്ളു. ഓപ്പൺ സ്കൂൾ കോൺടാക്ട് ക്ലാസ്സുകൾ ആരംഭിക്കുന്ന സമയത്ത് പഠന സഹായികൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നതാണ്. |
| സി) | പൂജപ്പുരയിലെ ഓപ്പൺ സ്കൂൾ ആസ്ഥാനത്ത് ഗസ്റ്റ് ഹൗസും ട്രെയിനിംഗ് സെന്ററും ഉള്ളപ്പോൾ കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ എന്നിവിടങ്ങളിലെ സ്വകാര്യ സ്ഥാപനങ്ങളിൽ വച്ച് പരിശീലനം നടത്തിയതിന് ലക്ഷക്കണക്കിന് രൂപയുടെ അധികചെലവ് ഉണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിന് ഗസ്റ്റ് ഹൗസോ, ട്രെയിനിംഗ് സെന്ററോ ഇല്ല. ഗസ്റ്റ് ഹൗസും ട്രെയിനിംഗ് സെന്ററും എസ്.സി.ഇ.ആർ.ടി യുടേതാണ്. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി എസ്.സി.ഇ.ആർ.ടി യുടെ പ്രോഗ്രാമുകളും ട്രെയിനിംഗുകളും കാരണം ഗസറ്റ് ഹൗസിൽ സൗകര്യമില്ലാതിരുന്ന സാഹചര്യത്തിൽ ഓപ്പൺ സ്കൂൾ ശില്പശാലകൾ, പങ്കെടുക്കുന്നവരുടെ സൗകര്യാർത്ഥവും ടി.എ/ഡി.എ ഇനത്തിൽ വരുന്ന ചെലവ് കഴിവതും കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയുമാണ് മറ്റ് ജില്ലകളിൽ വെച്ച് നടത്തിയത്. |
| ഡി) | പാഠപുസ്തക വിതരണം സി-ആപ്റ്റിനെ ഏല്പിച്ചതാണ് കാലതാമസത്തിന് കാരണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ഡി) | ഓപ്പൺസ്കൂൾ വിദ്യാർത്ഥികൾക്കായി പ്രത്യേക പാഠപുസ്തകമില്ല. റഗുലർ ഹയർ സെക്കന്ററി പാഠപുസ്തകങ്ങളാണ് ഓപ്പൺ സ്കൂൾ വിദ്യാർത്ഥികളും ഉപയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ